# തിരുവനന്തപുരം വികസന അതോറിറ്റി

TRIDA

വഴുതക്കാട്, തിരുവനന്തപുരം-695 010

ഫോൺ: 2722748, 8714633750, 8714633749

website: www.trida.kerala.gov.in


## കട/ഓഫീസ് സ്ഥലം വാടകയ്ക്ക്, ക്വട്ടേഷൻ/ലേല നോട്ടീസ്

അട്ടക്കുളങ്ങര കിള്ളിപ്പാലം ബൈപ്പാസ് റോഡിന് സമീപമുള്ള ട്രിഡയുടെ സൗഭാഗ്യ വാണിജ്യ സമുച്ചയത്തിൽ ഒഴിവുള്ള ജനറൽ കാറ്റഗറി വിഭാഗത്തിലുള്ള 31 കടമുറികളും SC/ST വിഭാഗങ്ങൾക്കായി സംവരണം ചെയ്തിട്ടുള്ള 4 കടമുറികളും, ഓഫീസ് /വാണിജ്യ ആവശ്യത്തിനായി പ്രതിമാസ വാടക വ്യവസ്ഥയിൽ 3 വർഷത്തേയ്ക്ക് വാടകയ്ക്ക് എടുക്കുന്നതിന് താൽപര്യമുള്ളവരിൽ നിന്നും സീലു ചെയ്ത ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. കടമുറികളുടെ വിവരം, ലേല തീയതി ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി. എന്നിവ ചുവടെ ചേർക്കുന്നു.

| കടമുറികൾ | ലേല തീയതി | ക്വട്ടേഷൻ ട്രിഡ ഓഫീസിൽ സ്വീകരിക്കുന്ന അവസാന തീയതി |
|---|---|---|
| GF 5,6,7,8,9,10,11,12,15,16,17,19,20,21<br>FF-1,3,4,5,6,8,9,10,11,12,13,14,15,<br>16,17,18,19,20,21.22 | 31 /01/2024 | 30/01/2024<br>വൈകുന്നേരം<br>4 മണിവരെ |
| SC/ST Reservation<br>GF- 2, 4 & FF- 2, 7, | 31 /01/2024 | |

പ്രസ്തുത കടമുറികളുടെ ലേലം നിശ്ചിത തീയതിയിൽ രാവിലെ 11 മണി മുതൽ ഉച്ചയ്ക്ക് 2 മണി വരെ ട്രിഡ ഓഫീസിൽ വച്ച് നടത്തുന്നതും ലേലത്തിനു ശേഷം സീലു ചെയ്ത ക്വട്ടേഷനുകൾ തുറക്കുന്നതുമാണ്. SC/ST വിഭാഗങ്ങൾക്കായി സംവരണം ചെയ്തിട്ടുള്ള കടമുറികൾക്കായി ക്വട്ടേഷൻ സമർപ്പിക്കുമ്പോൾ ബന്ധപ്പെട്ട അധികാരികളിൽ നിന്നും ലഭ്യമാകുന്ന ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് കൂടെ ഉൾപ്പെടുത്തിയിരിക്കേണ്ടതാണ്. SC/ST വിഭാഗങ്ങൾക്കായി സംവരണം ചെയ്തിട്ടുള്ള കടമുറികൾക്കായി ലേലത്തിൽ പങ്കെടുക്കുന്നവരും ലേലസമയത്ത് മേൽപ്പറഞ്ഞ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. നിരതദ്രവ്യം(EMD) 20,0000/ രൂപയും അപേക്ഷ ഫോറം/ലഘുലേഖയുടെ വില 500/+ 18%GST യും ആണ്. സെക്യൂരിറ്റി ഡെപ്പോസിറ്റിൻമേലാണ് ലേലം നടത്തുന്നത്. നിരതദ്രവ്യമായ 20,000/- രൂപ സെക്രട്ടറി, ട്രിഡയുടെ പേരിൽ DD/CASH ആയി ആണ് ഒടുക്കേണ്ടത്._ലേലത്തിലും ക്വട്ടേഷനിലും പങ്കെടുക്കുന്നവർ പ്രത്യേകം നിരതദ്രവ്യം ഒടുക്കേണ്ടതാണ്. ഒരുകടയുടെ ലേലത്തിൽ പങ്കെടുക്കുന്നതിനായി EMD ഒടുക്കുന്നവർക്ക് ടി കടമുറി ലേലത്തിൽ പിടിക്കാൻകഴിഞ്ഞില്ലെങ്കിൽ ടി EMD ഉപയോഗിച്ച് മറ്റ് കടമുറികളുടെ ലേലത്തിലും പങ്കെടുക്കാവുന്നതാണ്. എന്തെങ്കിലും കാരണത്താൽ ക്വട്ടേഷൻ/ലേല ദിവസം പൊതു അവധിയാകുകയാണെങ്കിൽ തൊട്ടടുത്ത പ്രവർത്തി ദിവസം നിശ്ചിത സമയത്ത് ക്വട്ടേഷൻ/ലേലം നടത്തുന്നതായിരിക്കും.ലേലത്തിലും ക്വട്ടേഷനിലും കൂടുതൽ തുക ഏതാണ് എന്ന് പരിശോധിച്ചതിന് ശേഷം വാടകക്കാരനെ നിശ്ചയിക്കുന്നതായിരിക്കും. ക്വട്ടേഷൻ സമർപ്പിക്കുന്നവർ ഏത് കടമുറിയ്ക്കാണ് ക്വട്ടേഷൻ സമർപ്പിക്കുന്നത് എന്ന വിവരം ക്വട്ടേഷൻ കവറിനു പുറത്ത് നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്. സെക്യൂരിറ്റി ഡെപ്പോസിറ്റ് ക്വട്ടേഷൻ/ലേല വ്യവസ്ഥകൾ പ്രകാരം ഒറ്റ തവണയായി അടയ്ക്കേണ്ടതാണ്. ക്വട്ടേഷനുകൾ സമർപ്പിച്ചിട്ടുള്ളവർ ബന്ധപ്പെട്ട കടമുറികൾക്ക് നിശ്ചയിച്ചിട്ടുള്ള ലേല ദിവസം രാവിലെ 11 മണിയ്ക്ക് മുമ്പായി ട്രിഡ ഓഫീസിൽ ഹാജരാകേണ്ടതാണ്. താൽപര്യമുള്ളവർക്ക് നിർദ്ദിഷ്ട നിരതദ്രവ്യം അടച്ച് ലേലത്തിലും പങ്കെടുക്കാവുന്നതാണ്.

ഏതൊരു ക്വട്ടേഷൻ/ലേല നടപടിയും കാരണം കൂടാതെ നിരസിക്കുന്നതിന് ട്രിഡ സെക്രട്ടറിയ്ക്ക് അധികാരമുണ്ടായിരിക്കുന്നതാണ്

വിശദവിവരങ്ങൾക്ക് ട്രിഡാ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്

നമ്പർ : R2/2399/2018/TRIDA

തീയതി. 22/01/2024

ഒപ്പ്

സെക്രട്ടറി

ഉത്തരവിൻ പ്രകാരം

അഡ്മിനിസ്ട്രേറ്റീവ് / റവന്യൂ ഓഫീസർ

പകർപ്പ് :

1. ട്രിഡാ ഓഫീസ് നോട്ടീസ് ബോർഡ് . ട്രിഡ വെബ് സൈറ്റ്
2. കേദാരം, സാഫല്യം, സോപാനം, സായൂജ്യം, ഷോപ്പിംഗ് കോംപ്ലക്സ്, ട്രിഡ സെന്റർ, മെഡിക്കൽ കോളേജ് etc.
3. തിരുവനന്തപുരം കോർപ്പറേഷൻ, നോട്ടീസ് ബോർഡ്.

LR/-

Scanned with OKEN Scanner

# തിരുവനന്തപുരം വികസന അതോറിറ്റി

## ചാല കൊമേഴ്സ്യൽ കോംപ്ലക്സ്

| കടമുറി നമ്പർ | വിസ്തീർണ്ണം ചതുരശ്ര മീറ്റർ | പ്രതിമാസ വാടക | മിനിമം സെക്യൂരിറ്റി ഡെപ്പോസിറ്റ് |
|---|---|---|---|
| ജി5, ജി6. | 22.82 $m^2$ | 20000+ MC+GST | 720000/- |
| ജി.7 to ജി12 | 15.5 $m^2$ | 15000 + MC+GST | 540000/- |
| ജി.15 | 11.14 $m^2$ | 10000 + MC+GST | 360000/- |
| ജി.16, ജി17, ജി19 ജി.20 | 15.5 $m^2$ | 15000 + MC+GST | 540000/- |
| ജി.21 | 23 $m^2$ | 20000+ MC+GST | 720000/- |
| എഫ്.1, എഫ്.3, എഫ്.4, എഫ്.5 | 22.82 m2 | 20000-+ MC+GST | 720000/- |
| എഫ്.6 | 44 $m^2$ | 40000/+ MC+GST | 1440000/- |
| എഫ്.8 to എഫ്.15 | 17.39 $m^2$ | 15000/+ MC+GST | 540000/- |
| എഫ്.16 | 12 $m^2$ | 10000/+ MC+GST | 36000/- |
| എഫ്.17 to എഫ്.21 | 17.2 $m^2$ | 15000/+ MC+GST | 540000/- |
| എഫ്.22 | 22.54 $m^2$ | 20000/+ MC+GST | 720000/- |
| **SC/ST Reservation** | | | |
| ജി.2 | 9.3 $m^2$ | 8000/+ MC+GST | 288000/- |
| ജി.5 | 22.82 $m^2$ | 20000/+ MC+GST | 720000/- |
| എഫ്.2 | 22.82 $m^2$ | 20000/+ MC+GST | 720000/- |
| എഫ്.7 | 17.39 $m^2$ | 15000/+ MC+GST | 540000/- |

ഒപ്പ്
സെക്രട്ടറി

ഉത്തരവിൻ പ്രകാരം

അഡ്മിനിസ്ട്രേറ്റീവ് & റവന്യൂ ഓഫീസർ

LR/-

Scanned with OKEN Scanner